പതിമൂന്നാം കേരള നിയമസഭ
ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം: 4575

28/06/2013 ൽ
മറുപടിക്ക്

## സാഹിത്യകാരൻമാർക്കും കലാകാരൻമാർക്കും ധനസഹായം നൽകുന്ന പദ്ധതികൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. ചിറ്റയം ഗോപകുമാർ | | ശ്രീ. കെ.സി. ജോസഫ് (ഗ്രാമ വികസനവും, ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പു മന്ത്രി) | |
| (എ) | സാഹിത്യകാരൻമാർക്കും കലാകാരൻ മാർക്കും ധനസഹായം നൽകുന്ന എന്തെല്ലാം പദ്ധതികൾ നിലവിൽ ഉണ്ട്; ഇവ നൽകുന്നതിനുള്ള മാന ദണ്ഡം എന്താണെന്ന് അറിയിക്കുമോ; | (എ) | സാഹിത്യകാരൻമാർക്കും കലാകാരൻമാർക്കും ധന സഹായം നൽകുന്ന പദ്ധതി പ്രകാരം 550/- രൂപ പ്രതിമാസം കലാകാര പെൻഷൻ നൽകുന്നുണ്ട്. കലാകാര പെൻഷൻ നൽകുന്നത് 8.11.99 ലെ സ.ഉ. (എം.എസ്) നം.49/99/സിഎഡി ഉത്തരവ് പ്രകാരമാണ്. കൂടാതെ രോഗം മൂലം അവശത അനുഭവിക്കുന്ന കലാകാരന്മാർക്കും ചികിത്സാ സഹായം നൽകുന്നുണ്ട്. ഇത് നൽകു ന്നത് 7.9.2001 ലെ സ.ഉ. (എം.എസ്) നം.45/01/ സിഎഡി ഉത്തരവ് പ്രകാരമാണ്. ഇതിനു പുറമേ സാംസ്കാരിക വകുപ്പിന്റെ കീഴിലുള്ള വിവിധ സ്ഥാപനങ്ങൾ വഴിയും സഹായധനം നൽകുന്നുണ്ട്. വിശദവിവരം അനുബന്ധം 1 ൽ കാണാവുന്നതാണ്. |
| (ബി) | വിവിധ നൃത്ത, സംഗീത, സാംസ്കാരിക സ്ഥാപനങ്ങൾക്ക് നിലവിൽ നൽകി വരുന്ന ഗ്രാന്റ് എന്തെല്ലാമെന്ന് വിശദാംശങ്ങൾ സഹിതം അറിയിക്കുമോ; | (ബി) | അനുബന്ധം 2 ൽ കാണാവുന്നതാണ്. |
| (സി) | എന്തെല്ലാം പുരസ്കാരങ്ങൾ നിലവിൽ സാംസ്കാരിക വകുപ്പ് നൽകി വരുന്നു എന്ന വിവരം ലഭ്യമാക്കുമോ; എത്ര തുക ഓരോന്നിനും നൽകി വരുന്നു; | (സി) | അനുബന്ധം 3 ൽ കാണാവുന്നതാണ്. |
| (ഡി) | ഇക്കഴിഞ്ഞ സാമ്പത്തിക വർഷം പുരസ്കാരങ്ങൾ നൽകിയ ഇനത്തിൽ എത്ര തുക ചെലവഴിച്ചുവെന്ന് ഇനം തിരിച്ച് വ്യക്തമാക്കുമോ ; | (ഡി) | അനുബന്ധം 4 ൽ കാണാവുന്നതാണ്. |
| (ഇ) | സാംസ്കാരിക സ്മാരകങ്ങളിൽ നിന്നും വിരമിച്ചിട്ടുള്ള ജീവനക്കാർക്ക് വേണ്ടി എന്തെങ്കിലും തരത്തിലുള്ള പെൻഷൻ പദ്ധതി നിലവിലുണ്ടോ; എങ്കിൽ, വിശദാംശം അറിയിക്കുമോ; | (ഇ) & (എഫ്) | ഇത്തരം പദ്ധതികൾ നിലവിലില്ല. |
| (എഫ്) | പ്രസ്തുത പെൻഷൻ പദ്ധതിക്ക് ഗുണ ഭോക്താക്കളെ തെരഞ്ഞെടുക്കുന്നതി നുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് അറിയിക്കുമോ? | | |

സെക്ഷൻ ഓഫീസർ.

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**